ഈ രണ്ട് പ്രവർത്തനങ്ങളും വകുപ്പിൽ പുരോഗമിച്ചുവരുന്നു. കൂടാതെ എസ്.എൽ.ഐ, ജി.ഐ.എസ് തുടങ്ങിയ പദ്ധതികൾ പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്കുകൂടി നിർബന്ധമാക്കുന്നതിനും ജനറൽ ഇൻഷ്വറൻസ് വിഭാഗത്തിൽ പുതിയ ഉൽപ്പന്നങ്ങൾ പുറത്തിറക്കുന്നതിനുമുള്ള പ്രൊപ്പോസലുകൾ സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) ഇപ്പോൾ പുറത്തിറക്കിയിട്ടുള്ള പുതിയ ഉൽപ്പന്നങ്ങൾ ജീവനക്കാരുടെ ഇടയിൽ ബോധവൽക്കരണംവഴി നടപ്പാക്കുക, വകുപ്പിനെ സമ്പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിക്കുക, വകുപ്പിന്റെ അക്കൗണ്ടുകൾ ഡബിൾ എൻട്രി അക്കൗണ്ടിംഗിലേക്ക് മാറ്റുക, എസ്.എൽ.ഐ., ജി.ഐ.എസ് തുടങ്ങിയ പദ്ധതികൾ പൊതുമേഖലാ സ്ഥാപനങ്ങളിലും മറ്റ് സർക്കാർ സ്ഥാപനങ്ങളിലും ഫലപ്രദമായി നടപ്പാക്കുക എന്നീ കാര്യങ്ങൾ ഈ വർഷംതന്നെ പ്രാവർത്തികമാക്കാനുദ്ദേശിക്കുന്നു.

(സി) സർക്കാർ, പൊതുമേഖല, സഹകരണം എന്നീ മേഖലകളിലെ ജീവനക്കാർക്കുവേണ്ടി ജനറൽ ഇൻഷ്വറൻസ് വിഭാഗത്തിൽ ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതിയും, ലൈഫ് ഇൻഷ്വറൻസ് വിഭാഗത്തിൽ ധന വർഷ, ധനസമൃദ്ധി എന്നീ പുതിയ പദ്ധതികളും സംസ്ഥാന ഇൻഷ്വറൻസ് വകുപ്പുവഴി നടപ്പാക്കിയിട്ടുണ്ട്.

(ഡി) പുതിയ ഉൽപ്പന്നങ്ങൾ വഴിയും എസ്. എൽ.ഐ., ജി.ഐ.എസ് പദ്ധതികൾ പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് നിർബന്ധമാക്കിയും ഗണ്യമായ വരുമാന വർദ്ധനവുണ്ടാക്കുന്നതിനാണ് ശ്രമിക്കുന്നത്. പുതിയ ഇൻഷ്വറൻസ് പദ്ധതികളായ ധനവർഷ, ധനസമൃദ്ധി എന്നിവ 8-11-2010-ലെ ജി.ഒ (പി) നം: 557/2010/ധന. പ്രകാരം 11/2010-ൽ മാത്രം പുറത്തിറങ്ങിയതിനാൽ അടുത്ത സാമ്പത്തിക വർഷം പ്രസ്തുത പദ്ധതികളുടെ ലക്ഷ്യം പൂർത്തീകരിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു.

വാണിജ്യ മേഖലയുടെ വികസനം

111 (1696) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. ജി. കാർത്തികേയൻ :
ശ്രീ കെ. സി. ജോസഫ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാണിജ്യ മേഖലയുടെ ആസൂത്രിത വികസനത്തിനായി എന്തൊക്കെ പുതിയ പദ്ധതികൾക്കാണ് ഈ സാമ്പത്തിക വർഷം രൂപം നൽകിയിരുന്നത് ;

(ബി) ഇതിനായി 'കേരള വാണിജ്യ മിഷൻ' എന്ന പേരിൽ ആരംഭിച്ച പുതിയ സംരംഭത്തിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ;

(സി) ഈ മിഷനിലൂടെ വാണിജ്യ വികസനത്തിന് എന്തൊക്കെ നേട്ടങ്ങൾ കൈവരിക്കാനായി എന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സംസ്ഥാനത്തെ വാണിജ്യ സംരംഭകത്വ പരിശീലനത്തിനും മാനേജ്മെന്റ് പഠനത്തിനുമായി നടപ്പിലാക്കിയ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റീടെയ്ൽ മാനേജ്മെന്റ് എന്ന സ്ഥാപനത്തിന്റെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നുണ്ടോ ;

(ഇ) സംസ്ഥാന സർക്കാരിന് പുറമേ ഏതൊക്കെ വ്യവസായ-വാണിജ്യ സംഘടനകളുടെ പങ്കാളിത്തം ഈ സംരംഭത്തിന് ലഭ്യമാക്കാൻ കഴിഞ്ഞു എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) വാണിജ്യ മേഖലയുടെ ആസൂത്രിത വികസനത്തിനായി വിവിധ ജില്ലകളിൽ വ്യവസായ മേളകൾ സംഘടിപ്പിച്ചുവരുന്നു. വ്യവസായ വാണിജ്യ വകുപ്പ് commerce and service led growth strategy for Kerala എന്ന വിഷയത്തെ ആസ്പദമാക്കി ഒരു റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലിന്റെ രജിസ്ട്രേഷൻ വ്യവസായ വകുപ്പ് വഴിയാണ് നടപ്പിൽ വരുത്തുന്നത്.

(ബി) വാണിജ്യ മേഖലയുടെ വികസനത്തിനായി വാണിജ്യമിഷൻ എന്നപേരിൽ ഒരു സംരംഭം സർക്കാർ ആരംഭിച്ചിട്ടില്ല.

(സി) ബാധകമല്ല.

(ഡി) സംസ്ഥാനത്ത് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റീട്ടെയ്ൽ മാനേജ്മെന്റ് എന്ന സ്ഥാപനത്തിന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ല.

(ഇ) ബാധകമല്ല.

അന്യസംസ്ഥാന ലോട്ടറികളും വ്യാജ ലോട്ടറികളും വിൽപന നടത്തുന്നതിനെപ്പറ്റിയുള്ള അന്വേഷണം

112 (1697) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

അന്യസംസ്ഥാന ലോട്ടറികളും വ്യാജ ലോട്ടറികളും വിൽപ്പന നടത്തുന്നതിനെപ്പറ്റിയുള്ള അന്വേഷണത്തിന് സി.ബി.ഐ.-യെ ചുമതലപ്പെടുത്തുന്നതിനായി കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്താൻ സംസ്ഥാനത്തെ എം. പി. മാരോട് സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ടോ ; ആവശ്യപ്പെട്ടെങ്കിൽ എന്നാണ് ; ഇല്ലെങ്കിൽ അതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) അന്യസംസ്ഥാന ലോട്ടറികളുടെ അനധികൃത വിൽപന, നിയമ ലംഘനം തുടങ്ങിയ നടപടികൾ നിരവധി തവണ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽകൊണ്ടുവരികയും അവർക്കെതിരെ നടപടി സ്വീകരിക്കുവാൻ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഈ വിഷയം എം.പി.മാരുടെ യോഗത്തിൽ ചർച്ച ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly